# സിനിമാവ്യവസായത്തിലെ അന്ധവിശ്വാസങ്ങൾ

വേറിട്ട കാഴ്ചകൾ

മധുനായർ ന്യൂയോർക്ക്



കേരളത്തിലെ സിനിമാവ്യവസായം പ്രതിസന്ധിയിലാണെന്നു കേട്ടുതുടങ്ങിയിട്ട് വർഷങ്ങളേറെയായി. കോടിയോളം ചിലവാക്കേണ്ടിവരുന്നുണ്ടെങ്കിലും ഇപ്പോഴും വർഷത്തിലമ്പതോളമെങ്കിലും മലയാള ചലച്ചിത്രങ്ങൾ പ്രദർശനശാലകളിലെത്തുന്നുണ്ട്. ഇതിൽ ഭൂരിഭാഗവും നഷ്ടത്തിലാകുന്നുവെന്നും ചില പ്രൊഡ്യൂസർമാർ കുത്തുപാളയെടുക്കേണ്ടിവരുന്നുവെന്നുമൊക്കെയാണ് കേട്ടുകേൾവി. ഗൾഫ്ബേസായിട്ടുള്ള പ്രൊഡ്യൂസർമാർക്ക് കാര്യം നിസാരവുമാകാം.

വർഷങ്ങൾക്ക് മുമ്പ് ഈ ലേഖകൻ ഒരു സിനിമാനിർമ്മാണത്തിൽ യാദൃശ്ചിയേ വന്നുപെട്ടു. 'ലാൽ അമേരിക്കയിൽ' എന്ന പേരിലിറങ്ങിയ പടത്തിന്റെ ഷൂട്ടിംഗ് അമേരിക്കയിൽ തന്നെയാണ് നടന്നത്. മോഹൻലാൽ അടക്കമുള്ള വൻതാരങ്ങളെ അമേരിക്കയിലിറക്കി ഒറിജിനൽ പ്രൊഡ്യൂസർ മുങ്ങുകയാണുണ്ടായത്. ഒരു റസ്ക്യൂമിഷനിലെന്നപോലെ ഇടപെടേണ്ടിവന്നതും, ഇന്ന് ഓർമ്മ മാത്രമായ വേൾഡ് ട്രേഡ് സെന്ററിന്റെ മുകളിൽ സ്റ്റണ്ട് സീനടക്കം ഷൂട്ടുചെയ്യുവാൻ സൗകര്യമൊരുക്കികൊടുത്തതുമൊക്കെ സിനിമാവ്യവസായത്തിലെ ബാലപാഠങ്ങളായി. നാട്ടിലെ സിനിമാ വിതരണക്കാർക്ക് അമേരിക്കയിലിരിക്കുന്ന പ്രൊഡ്യൂസറെ കബളിപ്പിക്കുക അനായാസമാണല്ലോ. മുടക്കിയതൊക്കെ നഷ്ടമായെങ്കിലും സിനിമാകമ്പത്തിനറുതി വരുന്നില്ല. തലസ്ഥാനനഗരിയിലുള്ള വീട് അനവധിചിത്രങ്ങൾ നിർമ്മിക്കുവാൻ തുറന്നിട്ടിരുന്നതും സിനിമയോടുള്ളകൂറുതന്നെ.

സിനിമയുണ്ടാക്കൽ ഗോദയിൽനിന്നു തന്നെ വീക്ഷിക്കാനൊത്തതിൽ ഒരു കാര്യം പ്രധാനമായി ശ്രദ്ധയിൽപ്പെട്ടു. ഇത്രയും കുത്തഴിഞ്ഞ രീതിയിൽ ഒരു പ്രോഡക്ട് പടച്ചിറക്കുവാൻ മറ്റൊരു വ്യവസായമേഖലയിൽ ആരും ധൈര്യപ്പെട്ടില്ല. നൂറിൽപ്പരം ആളുകളെ ലൊക്കേഷനിലെത്തിക്കുമെങ്കിലും ആർട്ടിസ്റ്റുകളിൽ പകുതിപേർക്കുപോലും ദിവസവും ജോലി കാണില്ല. ഷെഡ്യൂളിംഗും എസ്റ്റിമേറ്റുമൊക്കെ പാശ്ചാത്യനാടുകളിൽ ഏതുവ്യവസായത്തിലും മതംപോലെ നിഷ്ക്കർഷത പാലിക്കപ്പെടുന്ന ഘടകങ്ങളാണ്. സിനിമാനിർമ്മാണത്തിലിവിടെ ഈ ചട്ടങ്ങൾക്കൊന്നും വലിയപ്രാധാന്യമില്ല. ഫലമോ, ഭീമമായ പാഴ്ച്ചിലവും. പലപ്പോഴും പണമിറക്കുന്ന പ്രൊഡ്യൂസർക്ക് ഒന്നിലും ഇടപെടാൻപോലും ഒക്കാത്ത വിധത്തിലാണ് സംവിധായകന്റേയും പ്രൊഡക്ഷൻ മാനേജരുടേയുമൊക്കെ നിലപാടുകൾ. 'അമ്മ'യെന്ന താരസംഘടനയ്ക്കും 'മാക്ട'യെന്ന സാങ്കേതികരുടെ വേദിയ്ക്കും പടംപിടിക്കുന്നവന്റെ പണപ്രശ്നം ഒഴിവാക്കിയുള്ള ട്രേഡ് യൂണിയൻ മുഖാവരണമണിയാനാണ് വ്യഗ്രത. പേരിലുള്ള പ്രൊഡ്യൂസർമാരുടെ സംഘടന താരങ്ങളെ അച്ചടക്കം പഠിപ്പിക്കുന്നതിൽ പ്രധാനമായി വ്യാപൃതമായിരിക്കുന്നു. സിനിമാവ്യവസായം കാപ്പാത്തുവാൻ സർക്കാർ തുടങ്ങിയ കോർപ്പറേഷൻ മറ്റൊരു ധനദുർത്തിന് വഴിതുറക്കുകയും ചെയ്തു.

സിനിമാവ്യവസായത്തിൽ ഏറെക്കാലമായി ഒരു ഫോർമുല ഉരുത്തിരിഞ്ഞിരിക്കുന്നതായി കാണാം. സൂപ്പർസ്റ്റാറുവേണം, പാട്ടുനന്നാകണം. ഡാൻസ് സ്റ്റേറ്റ് ഓഫ് ദി ആർട്ടാകണം, സ്റ്റണ്ട് മേമ്പൊടിപോലെ വിതറണം, ദൈർഘ്യം രണ്ടരമണിക്കൂറെങ്കിലും ഉണ്ടാകണം. മൂലകഥയുമായി ബന്ധമില്ലെങ്കിലും കോമഡിസീനുകൾ ഇടയ്ക്കൊക്കെ തിരുകിക്കേറ്റണം, ഇങ്ങിനെപോകും ഫോർമുലയുടെ മുൻവിധികൾ. കുളിസീൻ കുറേക്കാലം അരങ്ങുതകർത്തെങ്കിലും നട്ടെല്ലുള്ള നടികൾ എത്തിയതോടെ സംവിധായകരുടെ ആ പൂതിയ്ക്കൊരറുതിവന്നു. ഈ ഫോർമുലയിൽ നിന്നും വ്യതിചലിച്ച് സിനിമയെടുത്താൽ ആർട്ട് ഫിലിമെന്ന മുദ്രകൊത്തി വിതരണക്കാർ കൈയ്യൊഴിയും. തീയേറ്റുടമകളും വിതരണക്കാരും പിന്നെ കുറേ ബ്ലേഡുകമ്പനിക്കാരും ചേർന്നൊരു മാഫിയ സംവിധാനത്തിൽ നിന്നും ഉരുത്തിരിഞ്ഞതാണ് മേൽപ്പറഞ്ഞ ഫോർമുല. പ്രേക്ഷകരുടെ ഇഷ്ടാനിഷ്ടങ്ങൾ മനസ്സിലാക്കുവാൻ ഒരു സമഗ്രമാർക്കറ്റ് സർവ്വേ മലയാളസിനിമാ വ്യവസായത്തിലുണ്ടായതായി കാണുന്നില്ല. ശാസ്ത്രീയമായ രീതിയിൽ സമസ്യകളേയും നേരിടുന്നരീതി മലയാളക്കരയ്ക്ക് അന്യമാണെന്ന് വിശ്വസിക്കണോ?

മറ്റേതുവ്യവസായവും പോലെ ആയിരങ്ങളല്ല ലക്ഷങ്ങൾക്ക് ഉപജീവനമാർഗ്ഗമായ ദൃശ്യമാദ്ധ്യമമേഖലയിൽ സർക്കാരിന് നിശ്ചയമായും കാതലായ റോളുണ്ട്. അത് നക്കാപ്പിച്ച സബ്സിഡിതുക നൽകിയതുകൊണ്ടോ ആണ്ടോടാണ്ട് കുറേ അവാർഡുകൾ നൽകുന്നതുകൊണ്ടോ അവസാനിക്കുന്നില്ല. നല്ല പടമെടുക്കുന്നവർക്ക് പ്രദർശനസംവിധാനം ഒരുക്കുന്നതിലാകണം ആദ്യം ശ്രദ്ധ തിരിയേണ്ടത്. ചലച്ചിത്ര വികസന കോർപ്പറേഷന് നാടാകെ മിനി തിയേറ്ററുകളെങ്കിലും പടുത്തുയർത്തുവാനൊക്കില്ലായെങ്കിൽ സ്വകാര്യമേഖലയെ ഈ ദിശയിലേക്ക് കൊണ്ടുവരുവാനുള്ള പ്രായോഗിക ഇൻസെന്റീവുകൾ കണ്ടെത്തണം. ഉദാഹരണത്തിന് അവാർഡുകൾ നേടിയ നല്ലൊരു പടം ഓടിച്ചാൽ നഷ്ടമുണ്ടാകുമെന്ന വാദത്തെ ഖണ്ഡിക്കുവാൻ കാർഷികമേഖലയിലെ താങ്ങുവില മാതിരി തിയേറ്ററുമടയ്ക്ക് സാമ്പത്തിക സഹായം നൽകണം. വേണ്ടിവന്നാൽ സിവിൽസപ്ലൈസ് കോർപ്പറേഷൻ പോലെ സിനിമാവിതരണത്തിന് പൊതുമേഖലയിൽ സംവിധാനം ഉണ്ടാക്കണം.

മലയാളസിനിമയുണ്ടാക്കുന്നതിലുള്ള ഭാരിച്ച ചിലവിന്റെ മൂലകാരണം ചിത്രങ്ങളുടെ അനാവശ്യമായ ദൈർഘ്യമാണ്. ആഗോളമായി അംഗീകരിക്കപ്പെട്ടിരിക്കുന്ന ദൈർഘ്യത്തിന്റെ ഇരട്ടിയിലധികമുണ്ട് ഇന്ത്യയിൽ നിർമ്മിക്കപ്പെടുന്ന മിക്കചിത്രങ്ങൾക്കും. ഈ ഒറ്റകാരണം കൊണ്ട് മിക്ക ചിത്രങ്ങളും അന്തർദേശീയ ഫിലിംഫെസ്റ്റുവലുകളിൽ പ്രദർശനയോഗ്യമാകുന്നില്ല. പാട്ടും കൂത്തുമൊക്കെയായി പടം വലിച്ചുനീട്ടുന്നതിന്റെ യുക്തി പ്രേക്ഷകർ മുടക്കുന്ന പണം മുതലാകണമെങ്കിൽ വലിയ നീളത്തിൽതന്നെ സിനിമ അവർക്ക് വിളമ്പണമെന്നുള്ളതാണ്. ഇങ്ങിനെയൊക്കെയുള്ള വ്യാവസായിക അന്ധവിശ്വാസം സിനിമയെ നഷ്ടക്കച്ചവടമാക്കുന്ന സ്ഥിരം കലാപരിപാടിയിൽ നിന്നും മോക്ഷമില്ലാതാക്കുന്നു.

സിനിമ എങ്ങിനെ ആയിരിക്കണമെന്നറിയാൻ ഫിലിംമേളകൾ കേരളത്തിന്റെ മിക്ക നഗരികളിലും കാലാകാലം സംഘടിപ്പിക്കപ്പെടുന്നുണ്ട്. ഇറാൻ, ജപ്പാൻ, ലാറ്റിനമേരിക്ക, [illegible] യമായ മിക്ക ചിത്രങ്ങളും മലയാളപ്രേക്ഷകർക്കും സിനിമാവ്യവസായവുമായി ബന്ധപ്പെട്ടവർക്കും കണ്ടാസ്വദിക്കുവാൻ അവസരങ്ങളേറെയാണിപ്പോൾ. ഒരു പത്തു കൊല്ലങ്ങൾക്കു മുമ്പ് സെൻസർ ബോർഡിനെ മറികടന്ന് ചലച്ചിത്ര മേളകളിൽ ലൈംഗിക രംഗങ്ങൾ പച്ചയായി ചിത്രീകരിക്കുന്ന രംഗങ്ങൾ കാണുവാൻ ജനം ഇടിച്ചുകയറുന്നതോർക്കുന്നു. ഭാര്യയുമായി ഒരുമിച്ചിരുന്ന് ഇത്തരം സിനിമകൾ കാണുന്നതും നാട്ടു നടപ്പല്ലായിരുന്നു. കാലം എത്രവേഗം മാറിപ്പോയിരിക്കുന്നു. കൂട്ടുപോലുമില്ലാതെ എല്ലാ സിനിമകളും ആർത്തിയോടെ കാണുവാനെത്തുന്ന പെൺകൊടികളെ കാണുമ്പോൾ ആഹ്ളാദമോ ആശ്വാസമോ തോന്നി. ലൈംഗിക ഗ്രാഫിക് വകകൾ മുറുക്കാൻ കടപോലത്തെ സി.ഡി.ഷോപ്പുകളിലും ലഭിക്കുമെന്ന അവസ്ഥ വന്നപ്പോൾ ജനം, പ്രത്യേകിച്ചും സ്ത്രീജനം ചാപല്യവിമുക്തമായതുപോലെ. ഫിലിമോത്സവങ്ങളിൽ കണ്ടു വരാറുള്ള ഒരു തകരാറ് കുറ്റമറ്റ ക്യാറ്റലോഗിന്റെ പ്രസിദ്ധീകരണമാണ്. ഇൻഡെക്സെന്നത് കേട്ടുകേൾവി പോലുമില്ലാത്ത വിധത്തിലുണ്ടാക്കിയ ക്യാറ്റലോഗുകളിൽ നിന്നും കാണാൻ പോകുന്ന പടത്തിന്റെ വിവരണം മനസ്സിലാക്കുവാൻ ഒന്നാം പേജു മുതൽ തിരയേണ്ടി വരും. ചലച്ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതിലും എല്ലാം അറിയാമെന്ന മലയാളിമനസ്സിന്റെ കാലുഷ്യം കാണാം. നിരൂപണമെന്നത് സാഹിത്യത്തിൽ ജാഡയുടെ പര്യായമാണെങ്കിൽ സിനിമയിൽ വെറും പാഴ്വേല. ഐസ്റ്റൻസ്റ്റെയിൻ, ബട്ലൂച്ചി, ബർഗ്ഗുമാൻ എന്നിങ്ങനെ കുറേ പേരുകൾ നിരത്തി കോതയ്ക്കു വായിൽ തോന്നിയത് പാട്ടെന്ന മാതിരി പലതും കുറിക്കും. വെറൈറ്റി മാഗസിനിലെ കൊച്ചു നിരൂപണങ്ങളെങ്കിലും ഈ ചലച്ചിത്ര ആശാൻമാർ കണ്ടിരുന്നെങ്കിലെന്നു തോന്നും. പിന്നെയാണ് ബോധമുദിക്കുന്നത്, ഈ പറഞ്ഞ ലോക നിലവാരത്തിലെ ഒന്നാം കിടയിലുള്ള വാരിക എത്ര പേർക്ക് കൈക്കലാക്കി വായിക്കാനാകും?

നാടൻ പ്രതിഭകൾ ഇവിടെ ഉജ്ജ്വലമായ ഹ്രസ്വചിത്രങ്ങൾ നിർമ്മിക്കുന്നുണ്ട്. ഈയ്യിടെക്കണ്ട ചില ചിത്രങ്ങൾ ലോക നിലവാരമുള്ളതായി തോന്നി; കാരൂരിന്റെ കഥ മോതിരവും കോവിലന്റെ കഥ ശകുനവും അഭ്രപാളിയിൽ എന്തു മനോഹരമായി പകർത്തിയിരിക്കുന്നു! പക്ഷേ, പറഞ്ഞിട്ടെന്താകാര്യം, ദൂരദർശൻ നേർച്ചപോലെ ഒരിക്കലിതു സംപ്രേഷണം ചെയ്തുവെന്നുവരാം. വിതരണം അവിടെ അവസാനിക്കും. മലയാള സിനിമയുടെ പതനം ഈ ഒറ്റക്കാര്യം കൊണ്ടുമാത്രമാണ് എന്നനുമാനിക്കാം. വ്യവസായത്തിലെ മേന്മയുള്ള പ്രോഡക്ടിന് മാർക്കറ്റില്ല, ചവറുകൾക്കു മാത്രമായി മാർക്കറ്റെന്ന ചതിക്കുഴി തുറന്നുവച്ചിരിക്കുന്നു. അതിലടിപെട്ടുപോകുന്നവർ കരയ്ക്കു കയറുന്നില്ല. എന്നിട്ടും പുതിയ പുതിയ ഇരകൾ രംഗം സജീവമാക്കി കൊണ്ടേയിരിക്കുന്നു.

ലാലുപ്രസാദ് യാദവ് ഇന്ത്യൻ റയിൽവേ ശരിയാക്കിയതുപോലെ സിനിമാവ്യവസായം എന്തെന്ന് മനസ്സിലാക്കുവാൻ കെൽപ്പുള്ള സാരഥികൾക്ക് പൊതുമേഖലാടിസ്ഥാനത്തിൽ പ്രശ്നം വിജയകരമായികൈകാര്യം ചെയ്യാനാകും. തടസ്സമിവിടെയാണ്, സിനിമ എന്തെന്നറിയാമെന്നു നടിക്കുന്നവരാണധികവും അരങ്ങുതകർക്കുന്നത്. ഈ മലയാളിമൈൻഡ് സെറ്റിന് പ്രതിവിധിയും എളുപ്പമല്ല.